marggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

# Trissur Methrapolitha Pravishyayude sthapanavum Pradhama Methrapolithayude Sthanarohanavum

## തൃശ്ശൂർ മെത്രാപ്പോലീത്താ പ്രവിശ്യയുടെ സ്ഥാപനവും പ്രഥമ മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണവും

**ശുശ്രൂഷ ക്രമം**


തൃശൂർ
മെത്രാപ്പോലീത്താ
പ്രവിശ്യയുടെ സ്ഥാപനവും
പ്രഥമ മെത്രാപ്പോലീത്തായുടെ
സ്ഥാനാരോഹണവും

ശുശ്രൂഷാക്രമം

തൃശൂർ
27-8-1995

Text Source / Type setting / Digitalisation
Wilson Muriyadan

www.TheCMSIndia.org

AUDIO BOOK

VIDEO BOOK

PDF DOWNLOAD

| | |
|---|---|
| Call Number | RR-886/WM |
| Title | Trissur Methrapolitha Pravishyayude sthapanavum PradhamaMethrapolithayude Sthanarohanavum |
| Topic | |
| Author | Unknown |
| Publisher/Year | 1995 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Wilson Muriyadan |
| Key Words | Holy Mass, Arch bishop Trissur, Bishop's Consecration Ceremony |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# തൃശൂർ മെത്രാപ്പോലീത്താ പ്രവിശ്യയുടെ സ്ഥാപനവും പ്രഥമ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണവും

## ശുശ്രൂഷാക്രമം



തൃശൂർ

27-8-1995

Text Source / Type setting / Digitalisation
Wilson Muriyadan

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



(കാർമ്മികൻ തിരുവസ്ത്രങ്ങണിഞ്ഞ് വടിയും മുടിയും ധരിച്ച് മറ്റ് മെത്രാൻമാർ, വൈദികർ, ശുശ്രൂഷികൾ, സഹായികൾ എന്നിവരോടുകൂടെ പ്രദക്ഷിണമായി മദ്ബഹായിലേക്ക് പോകുന്നു. കാർമ്മികർ യഥാസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുന്നു. ആമുഖ പ്രഭാഷണം നടത്തുന്നു; തുടർന്ന് പേപ്പൽ ബൂള വായിക്കുന്നു; വി. കുർബ്ബാന ആരംഭിക്കുന്നു)

**കാർമ്മി:** പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** അന്നാപെസഹാ...............

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും ചേർന്ന്) അങ്ങയുടെ നാമം പൂജിതമാകണമേ........

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം. സമാധാനംനമ്മോടുകൂടെ.

**കാർമ്മി:** കർത്താവേ, അങ്ങയുടെ അളവറ്റ പരിശുദ്ധിയെ ഞങ്ങൾ വാഴ്ത്തുകയും ത്രിത്വത്തിന്റെ ശക്തിയെ പുകഴ്ത്തുകയും ചെയ്യുന്നു. അങ്ങ് എല്ലാറ്റിന്റെയും സ്രഷ്ടാവും ദൈവികവരങ്ങളുടെ ദാതാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂ:** ആമ്മേൻ.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



(സങ്കീർത്തനം 132)

**കാർമ്മി:** കർത്താവേ ദാവീദിനേയും അവൻ സഹിച്ച
കഷ്ടതകളേയും ഓർക്കണമേ.

(സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു)

അവൻ കർത്താവിനോട് ശപഥം ചെയ്തു,
യാക്കോബിന്റെ ശക്തനായവനോട് സത്യം ചെയ്തു.

കർത്താവിന് ഒരു സ്ഥലം,
യാക്കോബിന്റെ ശക്തനായവന് ഒരു വാസസ്ഥലം,
കണ്ടെത്തുന്നതുവരെ
ഞാൻ വീട്ടിൽ പ്രവേശിക്കുകയോ
കിടക്കയിൽ ശയിക്കുകയോ ഇല്ല.

ഞാൻ എന്റെ കണ്ണുകൾക്ക് ഉറക്കമോ
കൺപോളകൾക്ക് മടക്കമോ കൊടുക്കുകയില്ല.

എഫ്രാത്തായിൽവെച്ച് നാം അതിനെപ്പറ്റി കേട്ടു.
യാറിന്റെ വയലുകളിൻ അതിനെ നാം കണ്ടെത്തി.

ദാവീദിനോട് കർത്താവ് ഒരു ശപഥംചെയ്തു,
അവിടന്ന് പിൻമാറുകയില്ല;

നിന്റെ മക്കളിൽ ഒരുവനെ നിന്റെ
സിംഹാസനത്തിൽ ഞാൻ ഉപവിഷ്ടനാക്കും.

എന്റെ ഉടമ്പടിയും ഞാൻ നൽകുന്ന കല്പനകളും
നിന്റെ മക്കൾ അനുസരിച്ചാൽ അവരുടെ മക്കൾ
എന്നേക്കും നിന്റെ സിംഹാസനത്തിൽ വാഴും.

എന്തെന്നാൽ കർത്താവ് സീയോനെ
തെരഞ്ഞെടുത്തു; അതിനെ തന്റെ
വാസസ്ഥലമാക്കാൻ അവിടുന്ന്ആഗ്രഹിച്ചു.ഇതാണ്
എന്നേക്കും എന്റെ വിശ്രമസ്ഥലം; ഞാനവിടെ
വസിക്കും; എന്തെന്നാൽ ഞാനത് ആഗ്രഹിച്ചു.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ഇതിലെ പുരോഹിതൻമാരെ രക്ഷയും
നീതിമാന്മാരെ സ്തുതിയും ഞാൻ ധരിപ്പിക്കും.

അവിടെ ഞാൻ ദാവീദിന് ഒരു കൊമ്പു
മുളപ്പിക്കും; അവന്റെ അഭിഷിക്തനുവേണ്ടി ഞാൻ
ഒരു ദീപംകൊളുത്തും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും ആമ്മേൻ.
ഹല്ലേലൂയാ, ഹല്ലേലൂയാ, ഹല്ലേലൂയാ.

(കാർമ്മികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെ വരുന്ന പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലിക്കൊണ്ട് ആശീർവ്വദിക്കുന്നു).

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ ✣ ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ സ്വർഗ്ഗത്തിൽനിന്ന് പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നിൽക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ അങ്ങ് എല്ലാറ്റിന്റേയും സ്രഷ്ടാവാകുന്നു. സകലത്തിന്റേയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



സർവ്വാധിപനാം കർത്താവേ.............

**ശുശ്രൂ:** നമുക്ക് പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്ക് സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റേയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** ശബ്ദമുയർത്തിപ്പാടിടുവിൻ..................

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

(എല്ലാവരും ഇരുക്കുന്നു.)

പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന.

ഗുരോ, ആശീർവ്വദിക്കണമെ.

**കാർമ്മി:** ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

പുറപ്പാട് 29: 1-8

സമൂ: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**ശുശ്രൂ:** സഹോദരരേ, നിങ്ങൾ ശ്രദ്ധയോടെ കേൾക്കുവിൻ.

എസെക്കിയേലിന്റെ പുസ്തകത്തിൽനിന്നുള്ള വായന.

ഗുരോ, ആശീർവ്വദിക്കണമേ.

**കാർമ്മി:** ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

എസെക്കിയേൽ 34: 11-16

**സമൂ:** ദൈവമായ കർത്താവിന് സ്തുതി.

**ശുശ്രൂ:** പ്രകീർത്തനം ആലപിക്കുന്നു.

അംബരമനവരതം....................................

**ശുശ്രൂ:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** സഹോദരരേ, വി. പത്രോസ്ശ്ലീഹാ എഴുതിയ ലേഖനം.

ഗുരോ, ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ നിന്നെ അനുഗ്രഹിക്കട്ടെ.

1 പത്രോ. 5: 1-4

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



(കാർമ്മികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് ആശീർവ്വദിക്കുന്നു.)

**കാർമ്മി:** എന്റെ കർത്താവേ, പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്ന് പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ ✣ കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടേയും പാപങ്ങളുടേയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു.സകലത്തിന്റേയും നാഥാ, എന്നേക്കും.

**ശുശ്രു:** **ആമ്മേൻ.**

ഹല്ലേലൂയ്യാ ഗീതം.

**കാർമ്മി:** പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും അവിടുത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിന്റെ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയും ചെയ്ത നിനക്ക് ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിന്റേയും നാഥാ, എന്നേക്കും ആമ്മേൻ.

**കാർമ്മി:** ലോകത്തിന്റെ പ്രകാശവും സകലത്തിന്റേയും ജീവനുമായ മിശിഹായേ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്തകാരുണ്യത്തിന് എന്നേക്കും സ്തുതി ആമ്മേൻ.

**കാർമ്മി:** കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റേയും നാഥാ, എന്നേക്കും. **ആമ്മേൻ.**

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



**ശുശ്രൂ:** നമുക്കു ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

**കാർമ്മി:** സമാധാനം ✣ നിങ്ങളോടുകൂടെ.

**സമൂ:** അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

**കാർമ്മി:** വി. യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

യോഹ. 21: 15-19

(സുവിശേഷ പ്രഭാഷണത്തിനു ശേഷം)

**കാർമ്മി:** ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനേയും സൃഷ്ടിക്കുകയും, സകലത്തേയും പരിപാലിക്കുകയും നയിക്കുകയും ചെയ്യുന്ന അത്യുന്നതനും ആരാധ്യനുമായ കർത്താവേ, അങ്ങയുടെ കരുണയേറിയ വലംകൈ നീട്ടി ഈ ദാസന്റെമേൽ സമൃദ്ധമായ കൃപ ചൊരിയണമേ. പുരോഹിത ശ്രേഷ്ഠന്റെ കർത്തവ്യങ്ങൾ അദ്ദേഹം നിർവ്വഹിക്കുകയും പൂർത്തിയാക്കുകയും ചെയ്യട്ടെ. ആദ്ധ്യാത്മിക വരങ്ങളുടെ ദാതാവും സകലത്തിന്റേയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** കർത്താവേ, മെത്രാപ്പോലീത്താ ശുശ്രൂഷയാൽ അങ്ങയുടെ ദാസനെ അലങ്കരിക്കുകയും സാർവ്വത്രിക സഭയുടെ തലവനുമായുള്ള കൂട്ടായ്മയാൽ അദ്ദേഹത്തെ ശക്തനാക്കുകയും ഔദ്യോഗിക അംശവടി നല്കി അദ്ദേഹത്തെ ബുദ്ധിമാനായ ഭരണകർത്താവാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂ:** ആമ്മേൻ.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



**ആർച്ചു ഡീക്കൻ:** നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേക്കുയർത്തുവിൻ. തൃശൂർ പ്രവിശ്യയുടെ മെത്രാപ്പോലീത്തയായി നിയുക്തനായിരിക്കുന്ന മാർ ജോസഫ് കുണ്ടുകുളം പിതാവിനുവേണ്ടി കാരുണ്യവാനായ ദൈവത്തോട് പ്രാർത്ഥിക്കുവിൻ.

**സമൂ:** അത് ന്യായവും യുക്തവുമാകുന്നു.

(കാർമ്മികൻ തനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.)

**കാർമ്മി:** കുറവുകളെ സദാ പരിഹരിക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ പിതാവായ ദൈവത്തിന്റെ സംപ്രീതിയോടും പരിശുദ്ധാത്മാവിന്റെ ശക്തിയോടുംകൂടെ എപ്പോഴും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നമ്മുടെ രക്ഷക്കായി ഭീതിജനകവും ഉന്നതവുമായ ഈ ശുശ്രൂഷ ദുർബലമായ എന്റെ കരങ്ങൾവഴി പൂർത്തിയാവുകയും ചെയ്യട്ടെ. (തന്റെ മേൽതന്നെ കുരിശുവരച്ചുകൊണ്ട് സ്വരമുയർത്തി) ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

(നിയുക്ത മെത്രാപ്പോലീത്ത മുട്ടുകുത്തി നിൽക്കുന്നു; കാർമ്മികന്റെ വലതുകരം നിയുക്ത മെത്രാപ്പോലീത്തായുടെ ശിരസ്സിൽ വെച്ചുകൊണ്ടും ഇടതുകരം യാചനാരൂപത്തിൻ ഉയർത്തിപ്പിടിച്ചുകൊണ്ടും ചൊല്ലുന്നു.)

**കാർമ്മി:** നിത്യനായ സർവ്വേശ്വരാ, അനാദിമുതലുള്ളവനും എല്ലാ നന്മകളുടേയും ദാനങ്ങളുടേയും ഉറവിടവും അങ്ങാകുന്നു. സകലത്തേയും ഭരിക്കുകയും ഉൾക്കൊള്ളുകയും എല്ലാം അറിയുകയും എല്ലാറ്റിനേയും സ്നേഹിക്കുകയും ചെയ്യുന്നവനേ, അങ്ങ് എല്ലാറ്റിന്റെയുംമേൽ ആധിപത്യം പുലർത്തുകയും എല്ലാവരോടും കരുണ കാണി

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ക്കുകയും ചെയ്യുന്നു. അങ്ങയുടെ പ്രിയപുത്രനായ ഞങ്ങളുടെ കർത്താവീശോമിശിഹായുടെ രക്തത്താൽ രക്ഷിക്കപ്പെട്ട സഭയെ അനുഗ്രഹവർഷത്താൽ അങ്ങ് ധന്യയാക്കി. കർത്താവായ മിശിഹാ സ്വർഗ്ഗത്തിന്റെ തക്കോൽ തന്റെ അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികൾക്കും നൽകി. അവരോടും നമ്മോടും കൂടെ ലോകാവസാനംവരെ ഉണ്ടായിരിക്കുമെന്ന് അവിടന്ന് വാഗ്ദാനം ചെയ്തു. ഈ വാഗ്ദാനത്തിൽ ഉറച്ചു വിശ്വസിക്കുന്ന ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു.

കൈവെപ്പുവഴി പരിശുദ്ധാത്മാവിന്റെ ദാനത്താൽ മെത്രാഭിഷേകത്തിലൂടെ സ്വീകരിച്ച പുരോഹിതശ്രേഷ്ഠന്റെ കർത്തവ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനും തൃശൂർ മെത്രാപ്പോലീത്താ പ്രവിശ്യയിൽ അങ്ങയുടെ സഭയെ ഭരിക്കുന്നതിനും അങ്ങയുടെ ദാസന്റെമേൽ കാരുണ്യത്തിന്റെ വലംകൈ നീട്ടണമേ. നാഥനായ അങ്ങയോട് ഞങ്ങൾ യാചിക്കുന്നു. അങ്ങേക്കും പുത്രനും പരിശുദ്ധാത്മാവിനും മഹത്ത്വവും ബഹുമാനവും സ്തുതിയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും എന്നേക്കും. (കുരിശു വരച്ചുകൊണ്ട് നിയുക്ത മെത്രാപ്പോലീത്തായെ ആശീർവ്വദിക്കുന്നു. കാർമ്മികൻ അൾത്താരയിൽനിന്ന് മുടിയെടുത്ത് അദ്ദേഹത്തെ ധരിപ്പിക്കുകയും വടി കയ്യിൽ കൊടുക്കുകയും തുടർന്ന് നെറ്റിയിൽ കുരിശുവരച്ചുകൊണ്ട്) മാർ ജോസഫ് കുണ്ടുകുളം തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്താ എന്ന ശുശ്രൂഷ പദവിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും നിശ്ചയിക്കപ്പെടുകയും പരിപൂർണ്ണനാക്കപ്പെടുകയും ചെയ്തിരിക്കുന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ. ആമ്മേൻ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



(ശിരസ്സിൽ ചുംബിച്ചശേഷം ചൊല്ലുന്നു)

ഈ ശുശ്രൂഷ പദവിയിലേക്ക് അങ്ങയെ ഉയർത്തുകയും തന്റെ കാരുണ്യത്താൽ ആദ്ധ്യാത്മിക ദാനങ്ങൾക്കൊണ്ട് അലങ്കരിക്കുകയും ചെയ്ത മിശിഹാ നീതിയിലും വിശുദ്ധിയിലും അങ്ങയെ പൂർണ്ണനാക്കട്ടെ എന്നേക്കും, ആമ്മേൻ.

(കാർമ്മികൻ പുതിയ മെത്രാപ്പോലീത്തായെ കരങ്ങളിൽ പിടിച്ച് സിംഹാസനത്തിൽ ഇരുത്തുന്നു. തുടർന്ന് മദ്ബഹായിലുള്ള മെത്രാൻമാർ സ്നേഹാശ്ലേഷത്തിലൂടെ അദ്ദേഹത്തിന് അനുമോദനങ്ങൾ അർപ്പിക്കുന്നു.)

## കാറോസൂസ

(കാറോസൂസയുടെ സമയത്ത് അപ്പവും വീഞ്ഞും ഒരുക്കുന്നു.)

**ശുശ്രൂ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും കൃതജ്ഞതയോടും കൂടെനിന്ന് നല്ലയിടയനായ ഈശോയോട് ഞങ്ങളോട് കൃപയുണ്ടാകണമേ എന്ന് പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളോട് കൃപയുണ്ടാകണമേ.

**ശുശ്രൂ:** അങ്ങയുടെ അജഗണത്തെ പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും നയിക്കുന്നതിനുമായി അങ്ങ് തെരഞ്ഞെടുത്ത മാർ ജോസഫ് മെത്രാപ്പോലീത്തായെ ആത്മീയ നന്മകൾ നൽകി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളോട് കൃപയുണ്ടാകണമേ.

**ശുശ്രൂ:** നല്ലയിടയനെപ്പോലെ ദൈവജനസേവനത്തിന് സ്വയം സമർപ്പിക്കുവാനും പ്രതികൂല സാഹചര്യങ്ങളിൽ വിശ്വസ്തതയോടെ അങ്ങേക്ക് ശുശ്രൂഷചെയ്യുവാനും അഭിവന്ദ്യ പിതാവിനെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ ഞങ്ങളോട് കൃപയുണ്ടാകണമേ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



**ശുശ്രൂ:** ഞങ്ങളുടെ അതിരൂപതയിലേയും പാലക്കാട്, ഇരിഞ്ഞാലക്കുട രൂപതകളിലേയും ദൈവജനത്തെ ആത്മീയവും ഭൗതികവുമായ നന്മകൾ നൽകി അനുഗ്രഹിക്കണമെന്നും, ഞങ്ങളുടെ കുടുംബങ്ങളേയും ഇടവകകളേയും സ്ഥാപനങ്ങളേയും അങ്ങയുടെ ഹിതമനുസരിച്ച് നയിക്കുവാൻവേണ്ട അനുഗ്രഹം വന്ദ്യമെത്രാപ്പോലീത്തായ്ക്ക് നൽകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളോട് കൃപയുണ്ടാകണമേ.

**ശുശ്രൂ:** അങ്ങയുടെ ആദർശങ്ങൾക്കൊത്ത് സത്യസഭയെ ധീരമായി നയിക്കുന്നതിനുവേണ്ട അനുഗ്രഹം സാർവ്വത്രിക സഭയുടെ തലവനായ മാർ ജോൺ പോൾ മാർപാപ്പായ്ക്കും, സഭാധ്യക്ഷനായ മാർ ആന്റണി ശ്രേഷ്ഠ മെത്രാപ്പോലീത്താക്കും, അതിരുപതാധ്യക്ഷനായ മാർ ജോസഫ് മെത്രാപ്പാലീത്താക്കും മറ്റെല്ലാ മേലദ്ധ്യക്ഷന്മാർക്കും അവരുടെ സഹശുശ്രൂഷകർക്കും നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളോട് കൃപയുണ്ടാകണമേ.

**ശുശ്രൂ:** നമുക്കെല്ലാവർക്കും നമ്മേയും നാമോരോരുത്തരേയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂ:** ഞങ്ങളുടെ ദൈവമായ കർത്താവേ അങ്ങേക്ക് ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** (കൈകൾ വിരിച്ചുപിടിച്ച്) നല്ലയിടയനായ മിശിഹായേ, അങ്ങയുടെ അനന്തകാരുണ്യത്തിന് നന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങൾ അയോഗ്യരാകുന്നു. പൗരോഹിത്യത്തിലൂടെ അങ്ങയുടെ അജഗണത്തെ പഠിപ്പി

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ക്കുവാനും വിശുദ്ധീകരിക്കുവാനും നയിക്കുവാനും ബലഹീനരായ ഞങ്ങളെ അങ്ങ് യോഗ്യരാക്കി. അങ്ങയുടെ ജനത്തെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും സ്നേഹത്തിൽ വളർത്തുവാനും സ്വർഗ്ഗീയ ജറുസലേമിലേക്ക് നയിക്കുവാനും വേണ്ട അനുഗ്രഹം ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. എല്ലാവർക്കും നന്മചെയ്ത് അങ്ങയുടെ മാതൃക അനുകരിച്ച് ജീവിക്കുവാനും, എല്ലാവരേയും അങ്ങയിലേക്ക് ആനയിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കുകയും ചെയ്യണമേ.

**സമൂ:** ആമ്മേൻ.

(വി. കുർബ്ബാന തുടരുന്നു).

## സമാപനാശീർവ്വാദം

**കാർമ്മി:** അബ്രാഹത്തേയും മോശയേയും പ്രവാചകൻമാരേയും തെരഞ്ഞെടുത്ത് തന്റെ ജനത്തെ നയിച്ച പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകുന്നു. ദൈവജനത്തെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുവാൻ അപ്പസ്തോലന്മാരേയും മെത്രാന്മാരേയും വൈദികരേയും തെരഞ്ഞെടുത്ത മിശിഹാ നിങ്ങളുടെ നായകനും സംരക്ഷകനുമായിരിക്കട്ടെ. മനുഷ്യരക്ഷക്കായി അവതരിച്ച അവിടുന്ന് 'നിങ്ങൾക്ക് വഴിയും സത്യവും ജീവനുമായിരിക്കട്ടെ. അവിടുത്തെ സ്നേഹത്തിൽ നിങ്ങൾ വളരുകയും ശക്തി പ്രാപിക്കുകയും ചെയ്യട്ടെ. പെന്തക്കുസ്താദിനത്തിൽ അപ്പസ്തോലന്മാരുടെമേൽ ഇറങ്ങിവസിച്ച പരിശുദ്ധാത്മാവിന്റെ സഹായത്താൽ അവിടുത്തെ വചനത്തിനു സാക്ഷികളാകുവാൻ നിങ്ങൾക്കിടയാകട്ടെ. ഈ തിരുകർമ്മങ്ങളിൽ പങ്കെടുത്ത നിങ്ങൾ എല്ലാവരും ദൈവാനുഗ്രഹത്താൽ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പൂരിതരാകട്ടെ. നല്ലയിടയനായ മിശിഹായുടെ കൃപയാൽ സ്നേഹനിധിയായ പിതാവിന്റെ കാരുണ്യവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും ✣ എപ്പോഴും ✣ എന്നേക്കും ✣

**സമൂ:** ആമ്മേൻ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org